ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

***DATE: 08.02.2026*** ***TIME : 12.50 PM***

## പ്രധാന

1. ഭീകരവാദത്തിനെതിരെ ഇന്ത്യയും മലേഷ്യയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്വലാലംപൂരിൽ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. Prime Minister Narendra Modi says, India and Malaysia will take an uncompromising stand against terrorism. Narendra Modi met Malaysian Prime Minister Anwar Ibrahim in Kuala Lumpur.

2) ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാർ കർഷക താല്പര്യങ്ങൾ പൂർണമായും സംരക്ഷിക്കുന്നതെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. The India-US interim trade agreement fully protects the interests of farmers, says Union Minister Piyush Goyal.

3) കേന്ദ്ര മന്ത്രി അമിത് ഷായുടെ ഛത്തീസ്ഗഡ് സന്ദർശനം തുടരുന്നു. റായ്പൂരിൽ ഇന്ന് ചേരുന്ന ഉന്നതതലയോഗത്തിൽ കേന്ദ്രമന്ത്രി അധ്യക്ഷത വഹിക്കും.

Union Minister Amit Shah's visit to Chhattisgarh continues. The Union Minister will chair a high-level meeting in Raipur today.

4) വികസിതഭാരതം ലക്ഷ്യമിട്ടാണ് 2026-27 ലെ കേന്ദ്ര ബജറ്റെന്ന് കേന്ദ്ര മന്ത്രി കെ. റാം മോഹൻ നായിഡു.
The Union Budget for 2026-27 is aimed at a developed India, says Union Minister K. Ram Mohan Naidu.

5) സന്തോഷ് ട്രോഫി ഫൈനലിൽ ഇന്ന് കേരളം-സർവീസസ് പോരാട്ടം. ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഘാനിസ്ഥാനിനെതിരെ ന്യൂസിലാൻഡിന് 183 റൺ വിജയലക്ഷ്യം.
Kerala-Services clash in Santosh Trophy final today. New Zealand set a target of 183 runs against Afghanistan in the Twenty20 World Cup.

******************

## REV. DAY PM-MALAYSIA VISIT - (INTRO)

ഭീകരവാദത്തിനെതിരെ ഇന്ത്യയും മലേഷ്യയും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്വലാലംപൂരിൽ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധം, ഇന്റലിജൻസ് പങ്കിടൽ, സമുദ്ര സുരക്ഷ എന്നിവയിൽ ഇരുരാജ്യങ്ങളും സഹകരണം വർദ്ധിപ്പിക്കുമെന്നും ശ്രീ മോദി പറഞ്ഞു. മേഖലയിലെ സമാധാനത്തിനും സാമ്പത്തിക വളർച്ചയ്ക്കുമായി ആസിയാൻ-ഇന്ത്യ ചരക്ക് വ്യാപാര കരാർവേഗത്തിൽ

പുനപരിശോധിക്കാൻ ധാരണയായതായും പ്രധാനമന്ത്രി അറിയിച്ചു.

(വോയിസ്)

മലേഷ്യൻ പ്രധാനമന്ത്രിയുമായി ശ്രീ മോദി ഇന്ന് നടത്തിയ കൂടിക്കാഴ്ചയിൽ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, നിർമ്മിത ബുദ്ധി, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നീ മേഖലകളിലെ പുതിയ സാധ്യതകളും ചർച്ചയായി.ദുരന്ത നിവാരണം, അർദ്ധചാലക വികസനം അ�ിമതി വിരുദ്ധ പോരാട്ടം, സുരക്ഷ, സിനിമാ-സംഗീത നിർമ്മാണം എന്നീ മേഖലകളിൽ ധാരണാപത്രങ്ങൾ കൈമാറി. പ്രമുഖ സി.ഇ.ഒ മാരുമായും ബിസിനസ്സ് നേതാക്കളുമായും അദ്ദേഹം പ്രധാനമന്ത്രി ഇന്ന് സംവദിക്കും. മലേഷ്യയിലെ തമിഴ് ഭാഷയുടെ സ്വാധീനത്തിൽ ഇന്ത്യൻ പ്രവാസികളുടെ പങ്കിനെയും അദ്ദേഹം പ്രശംസിച്ചു.സിനിമാ-സംഗീത നിർമ്മാണ കരാർ തമിഴ് സിനിമയുടെയും, സംഗീതത്തിന്റെയും കൈമാറ്റം വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു .

***(പ്രധാനമന്ത്രി വോയിസ്)***

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യയിലെത്തിയത്. വിമാനത്താവളത്തിൽ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണമാണ് ലഭിച്ചത്. വിമാനത്താവളത്തിൽ നിന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും പ്രധാനമന്ത്രിയും ഒരേ കാറിലാണ് യാത്ര ചെയ്തത്. തുടർന്ന് പ്രധാനമന്ത്രി ക്വാലാലംപൂരിലെ ഇന്ത്യൻ സമൂഹത്തെയും അഭിസംബോധന ചെയ്തു. ന്യൂസ് ഡസ്ക് ആകാശവാണി

******************

**VP Radhakrishnan**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനം മലേഷ്യയും ഇന്ത്യയും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതാണെന്നു ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. ഇരു രാജ്യങ്ങളും തമ്മിലുള്ള ആഴത്തിലുള്ള ചരിത്രപരവും സാംസ്കാരികവുമായ ബന്ധം നില നിർത്തേണ്ടതുണ്ടെന്നും അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. മലേഷ്യയിലെ ഇന്ത്യൻ പ്രവാസി സമൂഹം നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും ഇരു രാജ്യങ്ങൾക്കുമിടയിലുള്ള ഒരു ജീവനുള്ള പാലമാണിതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

******************

## Piyush Goyal

ഇന്ത്യ-യുഎസ് ഇടക്കാല വ്യാപാര കരാർ കർഷക താല്പര്യങ്ങൾ പൂർണമായും സംരക്ഷിക്കുന്നതെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. കയറ്റുമതി പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും കരാറിനുണ്ട്. ചോളം, ഗോതമ്പ്, അരി, പഞ്ചസാര, സോയാബീൻ, കോഴി എന്നിവയുൾപ്പെടെ ഇന്ത്യയിൽ വേണ്ടത്ര ഉൽപ്പാദിപ്പിക്കുന്ന കാർഷിക, പാലുൽപ്പന്നങ്ങൾക്ക് ഈ കരാറോടെ നേട്ടം ഉണ്ടാകും. 2047 ലെ വികസിത ഭാരതത്തിലേക്കുള്ള ഇന്ത്യയുടെ ലക്ഷ്യമാണ് ഈ കരാർ എന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ-യുഎസ് ഉഭയകക്ഷി വ്യാപാരം വരും വർഷങ്ങളിൽ 45 ലക്ഷം കോടി രൂപയായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും കേന്ദ്ര മന്ത്രി കൂട്ടിച്ചേർത്തു.

******************

## INDIA-EU FORUM

ഇന്ത്യ, യൂറോപ്പിന് ഒഴിച്ചുകൂടാനാവാത്ത പങ്കാളിയെന്നു ഗ്രീക്ക് പ്രതിരോധ മന്ത്രി നിക്കോസ് ഡെൻഡിയാസ്.

യൂറോപ്യൻ യൂണിയനും പ്രത്യേകിച്ച് ഗ്രീസും ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന തന്ത്രപരവും സാമ്പത്തികവുമായ പ്രാധാന്യത്തിന് അടിവരയിടുന്നുവെന്നും ഇന്ത്യ-ഇയു ഫോറം 2026 എന്ന പരിപാടിയിൽ അദ്ദേഹം പറഞ്ഞു. യൂറോപ്യൻ യൂണിയനും ഇന്ത്യയും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാറിനും ഗ്രീസ് പിന്തുണ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ചർച്ചകളാണ് ഫോറത്തിൽ നടന്നത്.

******************

## CHHGH - AMIT SHAH I

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ ഛത്തീസ്ഗഡ് സന്ദർശനം തുടരുന്നു. സംസ്ഥാനത്തെ മാവോ ബാധിത മേഖലകളിലെ സുരക്ഷാ ക്രമീകരണങ്ങൾ,വികസന പദ്ധതികൾ എന്നിവ വിലയിരുത്താൻ റായ്പൂരിൽ ചേരുന്ന യോഗത്തിൽ കേന്ദ്രമന്ത്രി അധ്യക്ഷത വഹിക്കും. തുടർന്ന് റായ്പൂരിൽ നടക്കുന്ന ദേശീയ കോൺക്ലേവിലും അദ്ദേഹം മുഖ്യ അതിഥിയാകും.മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ വൈകുന്നേരമാണ് ആഭ്യന്തരമന്ത്രി ഛത്തീഗഡിൽ എത്തിയത്.

******************

## NAIDU-UNION BUDGET

വികസിതഭാരതം ലക്ഷ്യമിട്ടാണ് 2026-27 ലെ കേന്ദ്ര ബജറ്റെന്ന് കേന്ദ്ര മന്ത്രി കെ. റാം മോഹൻ നായിഡു. ഇന്ത്യയുടെ സ്ഥിരമായ ഏഴ് ശതമാനം വളർച്ചാ നിരക്ക് പ്രധാനമന്ത്രിയുടെ നേതൃത്വപാടവമാണ് തെളിയിക്കുന്നത്. പ്രതികൂല ആഗോള സാഹചര്യങ്ങൾക്കിടയിലും രാജ്യം ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി

ഉയർന്നുവന്നിട്ടുണ്ടെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

******************

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർഥികളുമായി സംവദിക്കുന്ന പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിന്റെ രണ്ടാം ഭാഗം നാളെ. രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. തമിഴ്നാട്, ഛത്തീസ്ഗഢ്, ഗുജറാത്ത്, അസം എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി സംവദിക്കുന്നതാണ് രണ്ടാം ഭാഗം. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും യുട്യൂബ് ചാനലിലും പരിപാടി ലഭ്യമാകും.

******************

## MUMBAI-ILLEGAL IMMIGRATION

വ്യാജ തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് മുംബൈ നഗരത്തിൽ താമസിച്ചു വന്ന നാല് ബംഗ്ളാദേശി പൗരന്മാരെ പോലീസ് അറസ്റ് ചെയ്തു. അനധികൃത കുടിയേറ്റം തടയുന്നതിന്റെ ഭാഗമായാണിത്. പോലീസിന് ലഭിച്ച ഇന്റലിജൻസ് വിവരത്തെ തുടർന്ന് നടത്തിയ റെയ്ഡിലാണ് അറസ്റ്റ്.

******************

## SANTHOSH TROPHY

എട്ടാം സന്തോഷ് ട്രോഫി കിരീടം ലക്ഷ്യമിട്ട് കേരളം ഇന്ന് സർവീസസുമായി ഏറ്റുമുട്ടും. ഉച്ചയ്ക്ക് ഒരു മണിക്ക് അസമിലാണ് മത്സരം. സെമിയിൽ പഞ്ചാബിനെ പരാജയപ്പെടുത്തിയാണ് കേരളം ഫൈനലിലെത്തിയത്.

******************

## T20 CRICKET

ഐസിസി പുരുഷ ടന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഘാനിസ്ഥാനിനെതിരെ ന്യൂസിലാൻഡിന് 183 റൺ വിജയലക്ഷ്യം. ടോസ് നേടിയ അഫ്ഘാനിസ്ഥാൻ

ബാറ്റിംഗ് തിരഞ്ഞെടുക്കുക ആയിരുന്നു. ഇന്നത്തെ രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് നേപ്പാളിനെ നേരിടും.

******************

## CBDT- INCOME TAX

ആദായനികുതി നിയമം 2025 മായി ബന്ധപ്പെട്ട നിർദേശങ്ങൾ ക്ഷണിച്ച് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ്. അന്തിമ വിജ്ഞാപനത്തിനു മുന്നോടിയായി ചട്ടങ്ങളും ഫോമുകളും ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്നു ധന മന്ത്രാലയം അറിയിച്ചു.രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച പുതിയ നിയമം ഏപ്രിൽ ഒന്നുമുതൽ നിലവിൽ വരും.

******************

## Shivraj Singh Chouhan

പയർവർഗ്ഗ മേഖലയിൽ സ്വാശ്രയത്വം അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ .മധ്യപ്രദേശിലെ അംലഹയിൽ പയറു - പരിപ്പ് വർഗ്ഗ ഗവേഷണ കേന്ദ്രം ഉദ്ഘാനം ചെയ്യുകയായിരുന്നു അദ്ദേഹം.

******************

## INS SUDARSHINI-OMAN

ലോകായാൻ 26 ന്റെ ഭാഗമായി ഐഎൻഎസ് സുദർശിനി ഒമാനിലെ സലാലയിൽ എത്തി. ഇന്ത്യയും ഒമാനും തമ്മിലുള്ള സഹകരണം ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്. ഇന്ത്യയുടെ സമ്പന്നമായ സമുദ്ര പൈതൃകവും വസുധൈവ കുടുംബകത്തിന്റെ ധാർമ്മികതയും ലോകമെമ്പാടും പ്രദർശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പത്ത് മാസം നീളുന്ന ഈ സമുദ്രാന്തര യാത്ര സംഘടിപ്പിക്കുന്നത്.

******************

## NETANYAHU -TRUMP TALK

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പുമായി ചർച്ച നടത്തുന്നതിനായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ബുധനാഴ്ച വാഷിങ്ങ്ടണിലേയ്ക്ക് യാത്ര തിരിക്കും.യുഎസ്-ഇറാൻ കരാറുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യും.വെള്ളിയാഴ്ച ഒമാനിൽ യുഎസ്-ഇറാൻ പ്രതിനിധി തല ചർച്ച നടന്നിരുന്നു.

******************

## ITALY- PROTEST

2026 ശൈത്യകാല ഒളിമ്പിക്സിനെതിരെ ഇറ്റലിയിലെ മിലാനിൽ ഇന്നലെ നടന്ന പ്രതിഷേധം അക്രമാസക്തമായി.നൂറോളം വരുന്ന പ്രതിഷേധക്കാർ പോലീസിന് നേരെ പുക ബോംബുകൾ,കുപ്പികൾ അടക്കമുള്ളവ വലിച്ചെറിഞ്ഞു.ആറോളം പേരെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട് . ഒളിമ്പിക്സിനോട് അനുബന്ധിച്ചു നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് നാശമുണ്ടാക്കും എന്നാണ് പ്രതിഷേധക്കാരുടെ വാദം.

******************

## JAPAN ,THAILAND ELECTION

ജപ്പാനിലും തായ്‌ലൻഡിലും പാർലമെന്റ് തിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. തായ്‌ലൻഡിൽ ആകെ 5.3 കോടി വോട്ടർമാരാണ് വിധിയെ�ുതുന്നത്.
ലിബറൽ ഡെമോക്രാറ്റിക് പാർട്ടി, ജപ്പാൻ ഇന്നൊവേഷൻ പാർട്ടി, ഡെമോക്രാറ്റിക് പാർട്ടി ഫോർ ദി പീപ്പിൾ, എന്നീ പ്രധാന പാർട്ടികളാണ് ജപ്പാനിൽ മത്സരരംഗത്തുള്ളത്.

******************

## KERALA SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. ഈ മാസം 21 ന് അന്തിമ വോട്ടർ പട്ടിക പ്രസദ്ധികരിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

******************

## CIAL AERO PARK - CM

സിയാൽ എയ്റോ പാർക്ക് ആദ്യ ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. ഏവിയേഷൻ മേഖലയിലെ അറ്റകുറ്റപ്പണികൾ, പരിശീലനം, സാങ്കേതിക സഹായ സേവനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുകയാണ് പാർക്കിന്റെ ലക്ഷ്യം. കൊച്ചി വിമാനത്താവളത്തോട് ചേർന്നുള്ള 36 ഏക്കറിലാണ് എയ്റോപാർക്ക് സജ്ജമാക്കിയിരിക്കുന്നത്.

******************

*************

******